**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **08-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക/കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ 128 താൽക്കാലിക / കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ ചുവടെ ചേർക്കുന്നു.<br><br>1. പാർട്ട് ടൈം സ്വീപ്പർ<br><br>2. കാഷ്വൽ സ്വീപ്പർ<br><br>3. ഫെറിമാൻ<br><br>4. സ്വീപ്പർ കം ക്ലീനർ<br><br>5. മേട്ടി<br><br>6. ഡ്രൈവർ<br><br>7. വാച്ച്മാൻ<br><br>8. പമ്പ് ഓപ്പറേറ്റർ<br><br>9. സ്വീപ്പർ കം വാച്ചർ<br><br>10. വാർഡൻ<br><br>11. സ്കാവഞ്ചർ<br><br>12. ബട്ട്ലർ<br><br>13. ഫുൾടൈം സ്വീപ്പർ<br><br>14. സെക്യൂരിറ്റി ഗാർഡ്<br><br>ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസത്തിൽ, അനുവദിച്ച ആകെ തുക 12,40,670/- രൂപയാണ്.<br><br>**കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KSCC Ltd)** |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം ആകെ അനുവദിച്ച തുക – 1,58,001/- രൂപ

റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് (RBDCK)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോയിന്റ് ജനറൽ മാനേജർ, ഡിവിഷണൽ അക്കൗണ്ടന്റ്, ലെയ്സൻ ഓഫീസർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികകളിൽ സർക്കാരിൽ നിന്ന് വിരമിച്ചവർ ഉൾപ്പെടെ ഹ്രസ്യകാല കരാർ അടിസ്ഥാനത്തിൽ 5 പേരെ താൽക്കാലിക/കരാർ നിയമനം നടത്തിയിട്ടുണ്ട്. 2022 ഒക്ടോബർ മാസത്തിൽ ഇവർക്ക് 2,26,366/- രൂപ ശമ്പളയിനത്തിൽ നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വിവിധ തസ്തികകളിലായി 6 പേരെ നിയമിച്ചിട്ടുണ്ട്.

1. അസിസ്റ്റന്റ് എഞ്ചിനീയർ - 3

2. ടെലിഫോൺ ഓപ്പറേറ്റർ - പബ്ലിക്

ഇൻഫർമേഷൻ സെൽ - 1

3. കമ്പ്യൂട്ടർ അസിസ്റ്റന്റ് -1

4. ലീഗൽ അസിസ്റ്റന്റ് -1

മേൽ ജീവനകാർക്കായി വേതന ഇനത്തിൽ 2022 ഒക്ടോബർ മാസം ആകെ അനുവദിച്ച തുക – 1,73,180/- രൂപ

**കേരള റോഡ് ഫണ്ട് ബോർഡ് (KRFB)**

ക്ലർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, കാഷ്വൽ സ്വീപ്പർ/പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിലായി 46 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ടി ജീവനക്കാർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം ആകെ അനുവദിച്ച തുക – 6,45,562/- രൂപ

റോഡ് ഇൻഫ്രാസ്ട്രക്ച്ർ കമ്പനി കേരള ലിമിറ്റഡിലും (RICK), കേരള റാപ്പിഡ് ട്രാൻസിറ്റ് ലിമിറ്റഡിലും

| | | | |
|---|---|---|---|
| | | | (KRTL) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക /കരാർ നിയമനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത നിയമനങ്ങളിൽ എമ്പ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താല്ക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം നൽകാമോ? | (ബി) | പൊതുമരാമത്ത് വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾ നടത്തിയിട്ടില്ല.<br><br>പൊതുമരാമത്ത് വകുപ്പിൽ കരാർ/താൽക്കാലിക നിയമനങ്ങൾ സർക്കാർ അംഗീകൃത സ്ഥാപനമായ കുടുംബശ്രീ, KEXCON എന്നിവ മുഖേനയാണ് നടത്തിയിട്ടുള്ളത്.<br><br>പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനമായ കെ.എസ്.സി.സി യിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD) മുഖേന പത്രപരസ്യം നൽകി, അപേക്ഷ സ്വീകരിച്ച് എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് നിയമനം നടത്തിയിട്ടുള്ളത്.<br><br>റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കേരള (RBDCK) - യിൽ പത്ര/ കമ്പനി വെബ്സൈറ്റ് / നോട്ടീസ് ബോർഡ് പരസ്യങ്ങളിലൂടെ സുതാര്യമായി കമ്പനി നടത്തുകയാണ് ചെയ്യുന്നത്.<br><br>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ (KSTP) ലീഗൽ അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് സ്റ്റീയറിംഗ് കമ്മിറ്റി തീരുമാനപ്രകാരവും മറ്റുള്ളവരെ ദിവസ വേതനാടിസ്ഥാനത്തിലുമാണ് നിയമിച്ചിട്ടുള്ളത്.<br><br>കേരള റോഡ് ഫണ്ട് ബോർഡിൽ (KRFB) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 43 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. എഴുത്ത് പരീക്ഷ /അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമനം. |

സെക്ഷൻ ഓഫീസർ